DESPATCHED
14/02/2022

9/2/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1663(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 14741/SIC-G4/2021)**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഫെബ്രുവരി 9**

ശ്രീ. ബാബു സെബാസ്റ്റ്യൻ,
ഫീൽഡ് എക്സിക്യൂട്ടീവ്,
അതിരപ്പിള്ളി എസ്റ്റേറ്റ്,
കാലടി പ്ലാന്റേഷൻ പി.ഒ.
എറണാകുളം. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
അതിരപ്പിള്ളി എസ്റ്റേറ്റ്,
പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്,
അങ്കമാലി വഴി, കാലടി പ്ലാന്റേഷൻ പി.ഒ.,
എറണാകുളം – 683 583.
2) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള,
കോട്ടയം.
3) അപ്പീൽ അധികാരി &
പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള,
കോട്ടയം. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 09/07/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 14/07/2021, 12/08/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 16/09/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 30/10/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 10/11/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 12/11/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 26/11/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 13/01/2022 |
| ഹിയറിംഗ് നടന്ന തീയതി | 08/02/2022 –വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. മാർ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ബാബു സെബാസ്റ്റ്യൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് മാന്വലിന്റെ പൂർണ്ണമായ സർട്ടിഫൈഡ് കോപ്പി, പി.സി.കെ.യിലെ ഹെഡ് ഓഫീസ് ജീവനക്കാർക്ക് പ്രൈവറ്റ് ആശുപത്രി സൗകര്യം

അനുവദിച്ച ഉത്തരവിന്റെ പകർപ്പ് എന്നിവ നൽകണമെന്നും അപേക്ഷ നൽകുന്ന ഓഫീസിൽ നിന്ന് തന്നെ രേഖകൾ നൽകുന്നതിന് നിർദ്ദേശം നൽകണമെന്നും 9.7.2021–ന് നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് യഥാസമയം മറുപടി ലഭ്യമല്ലെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

1) 1.1.2021 മുതൽ 30.2.2021 വരെ അതിരപ്പിള്ളി എസ്റ്റേറ്റിൽ എത്ര രൂപയുടെ മെഡിക്കൽ ബിൽ ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര രൂപ അനുവദിച്ച് നൽകിയിട്ടുണ്ടെന്നും
2) 1.1.2021 മുതൽ 30.6.2021 വരെ ഹെഡ് ആഫീസ് ജീവനക്കാരുടെ എത്ര രൂപയുടെ മെഡിക്കൽ ബിൽ ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര രൂപ അനുവദിച്ച് നൽകിയിട്ടുണ്ടെന്നും
3) ഹെഡ് ഓഫീസ് ജീവനക്കാർക്ക് പ്രൈവറ്റ് ആശുപത്രി സൗകര്യം അനുവദിച്ചു കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ്
4) ഹെഡ് ആഫീസ് ജീവനക്കാർക്ക് പ്രൈവറ്റ് ആശുപത്രി സൗകര്യം അനുവദിച്ച ആശുപത്രിയുടെ പേര്, അഡ്രസ്സ് നൽകണമെന്നും മറ്റുമായി 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയിലെ 1–ാം ഇനത്തിന് 14.07.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകുകയും 2 മുതൽ 7 വരെയുള്ള പിരിവുകൾക്ക് മറുപടി നൽകുന്നതിനായി ടിയാന്റെ അപേക്ഷയുടെ പകർപ്പ് വിവരാവകാശ നിയമം 6(3) വകുപ്പ് പ്രകാരം രണ്ടാം എതിർകക്ഷിയ്ക്ക് അയച്ചു കൊടുത്തതായും തുടർന്ന് 12.08.2021 തീയതി രണ്ടാം എതിർകക്ഷി ഹർജിക്കാരന്റെ അപേക്ഷയിലെ 2 മുതൽ 7 വരെയുള്ള ചോദ്യങ്ങൾക്ക് മറുപടി നൽകിയിട്ടുള്ളതായും കാണുന്നു.

4. ഹർജിക്കാരൻ 16.09.2021 തീയതി അതിരപ്പിള്ളി എസ്റ്റേറ്റ്, പി.സി.കെ. ലിമിറ്റഡ് മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, അഡ്മിനിസ്ട്രേറ്റീവ് മാന്വലിന്റെ തെറ്റായ പകർപ്പുകളാണ് ടിയാന് നൽകിയിട്ടുള്ളതെന്നും എസ്റ്റേറ്റ് ഓഫീസുകൾ കമ്പ്യൂട്ടർ ശൃംഖലയിൽ ബന്ധിപ്പിച്ചിട്ടുള്ളതിനാൽ കോട്ടയത്തുള്ള ഓഫീസിൽ ചെന്ന് ഫയലുകൾ പരിശോധിക്കാൻ പറയുന്നതും കാലതാമസം വരുത്തി മറുപടി നൽകിയതിനാൽ പകർപ്പ് ഫീ ആവശ്യപ്പെട്ടതും തെറ്റാണെന്നും ആയതിനാൽ ഹർജിക്കാരന് ശരിയായ വിവരം നൽകണമെന്നുമാണ്. 20.9.2021 തീയതി അതിരപ്പിള്ളി എസ്റ്റേറ്റിൽ നിന്നും കൈമാറി കിട്ടിയ ടി അപ്പീൽ അപേക്ഷയ്ക്ക് മൂന്നാം എതിർകക്ഷി 30.10.2021 തീയതി വ്യക്തമായ മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

RIGHT TO INFORMATION

5. ഒന്നാം എതിർകക്ഷി 01.12.2021 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. ബാബു സെബാസ്റ്റ്യൻ വിവരാവകാശ നിയമപ്രകാരം 16.09.2021-നു നൽകിയ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ ടി ഓഫീസിൽ ലഭ്യമായിരുന്നില്ലെന്നും ആയതിനാൽ ടി വിവരങ്ങൾ ഹർജിക്കാരന് നേരിട്ട് നൽകുന്നതിനായി പ്ലാന്റേഷൻ കോർപ്പറേഷൻ കോട്ടയം ഹെഡ് ഓഫീസിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് അപേക്ഷയുടെ പകർപ്പ് 16.09.2021-ൽ ADY/RTI/892 പ്രകാരം അയച്ചു കൊടുത്ത് അപേക്ഷകന് സമയബന്ധിതമായി വിവരം നേരിട്ട് ലഭ്യമാക്കണമെന്ന് അറിയിച്ചിരുന്നതാണെന്നും 25.10.2021-ൽ ആർ.റ്റി.ഐ./22/19/2238 പ്രകാരം പ്ലാന്റേഷൻ കോർപ്പറേഷൻ കോട്ടയം ഹെഡ് ഓഫീസിൽ നിന്നും അപേക്ഷകന് മറുപടി നൽകുകയും ചെയ്തിരുന്നു എന്നും. പിന്നീട് 12.11.2021-ൽ ടി ഓഫീസിൽ ശ്രീ. ബാബു സെബാസ്റ്റ്യൻ നൽകിയ അപ്പീൽ അപേക്ഷ കോട്ടയം ഹെഡ് ഓഫീസിലെ അപ്പീൽ അധികാരിക്ക് അയച്ചു കൊടുത്തിട്ടുള്ളതാണെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ പ്ലാന്റേഷൻ കോർപ്പറേഷൻ കേരള ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ അഡ്മിനിസ്ട്രേറ്റീവ് മാനുവലിന്റെ പകർപ്പ്, ആമുഖം, പ്രസിദ്ധീകരിച്ച ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, ഓർഡർ നമ്പർ, ഒപ്പ്, തീയതി, ബോർഡ് തീരുമാനത്തിന്റെ വിവരങ്ങൾ എന്നിവ ഇല്ലാതെയും സർട്ടിഫൈ ചെയ്യാതെയും നൽകിയെന്നതും ഹെഡ് ഓഫീസ് ജീവനക്കാർക്ക് എസ്.എച്ച് മെഡിക്കൽ സെന്റർ നാഗമ്പടം, കോട്ടയം എന്ന ആശുപത്രിയിൽ ചികിത്സാ സൗകര്യം അനുവദിച്ചുകൊണ്ട് നൽകിയ ഓർഡറിന്റെ പകർപ്പ് ലഭ്യമാക്കിയില്ലെന്നതും മുൻ ഉത്തരവ് ഉണ്ടായിരുന്നിട്ടും കോർപ്പറേഷന്റെ വിവിധ യൂണിറ്റുകൾ തമ്മിൽ കമ്പ്യൂട്ടർ ശൃംഖലയിൽ ബന്ധിപ്പിക്കുകയോ കോർപ്പറേഷനിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കുകയോ ചെയ്തിട്ടില്ലെന്നതുമാണ് ഹർജിക്കാരന്റെ അപ്പീൽ ഹർജിയിലെ ആക്ഷേപമെന്നു കാണുന്നു. ഒരു പൊതു അധികാരിയുടെ കൈവശമുള്ളതോ, അവർക്ക് നിയമാനുസൃതം പ്രാപ്യമാകുന്നതോ ആയ വിവരങ്ങൾ അപേക്ഷകന് നൽകുക എന്നതാണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ചുമതല. ആയതിനാൽ ഇക്കാര്യത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട കോർപ്പറേഷന്റെ അഡ്മിനിസ്ട്രേറ്റീവ് മാനുവൽ 1999-ൽ തയ്യാറാക്കിയ രേഖയാണെന്നും കാലപ്പഴക്കം മൂലം ടി രേഖകളുടെ ഏടുകളിൽ ചിലത് നഷ്ടപ്പെട്ടുപോയിട്ടുള്ളതിനെ തുടർന്ന് പിന്നീട് ബൈന്റ് ചെയ്ത് സൂക്ഷിച്ചിട്ടുള്ളതാണെന്നും കാലപ്പഴക്കം കാരണമാണ് പ്രസിദ്ധീകരിച്ച തീയതി, പ്രസിദ്ധീകരിച്ച ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, ഉത്തരവിന്റെ പകർപ്പ്, ബോർഡ് തീരുമാനത്തിന്റെ വിശദാംശങ്ങൾ, സർക്കാർ അനുമതി പകർപ്പ് എന്നിവ നൽകാൻ

കഴിയാതിരുന്നതെന്നും രണ്ടാം എതിർകക്ഷി കാര്യാലയത്തിൽ ലഭ്യമായ രേഖ തന്നെയാണ് നൽകിയിട്ടുള്ളതെന്നും അപേക്ഷ വിവരാവകാശ നിയമം 6(3) വകുപ്പ് പ്രകാരം കൈമാറിയതിനാലാണ് മറുപടി നൽകാൻ താമസം നേരിട്ടതെന്നുമുള്ള എതിർകക്ഷികളുടെ വിശദീകരണം വസ്തുതാപരമാണെന്ന് കമ്മീഷന് ബോധ്യമാകുന്നു. ആയതിനാൽ എതിർകക്ഷികൾ നൽകിയ മറുപടിയിൽ ഹർജിക്കാരൻ ഉന്നയിച്ച തരത്തിലുള്ള അപകാതയുള്ളതായി കാണുന്നില്ല. എന്നിരുന്നാലും നൽകിയ മറുപടിയിലുള്ള ആക്ഷേപം ദൂരീകരിക്കുന്നതിനായി ഹർജിക്കാരൻ ആവശ്യപ്പെടുകയാണെങ്കിൽ ടിയാന് മറുപടി നൽകിയതിന് ആധാരമായ രേഖകൾ നേരിട്ട് പരിശോധിക്കുന്നതിന് ഒരിക്കൽ കൂടി രണ്ടാം എതിർകക്ഷി അവസരം നൽകേണ്ടതാണെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട പ്രൈവറ്റ് ആശുപത്രി സൗകര്യം അനുവദിച്ചുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാണെങ്കിൽ ആയത് 19.2.2022–നകം സൗജന്യമായി ഹർജിക്കാരന് നൽകണമെന്നും അഥവാ ടി ഉത്തരവ് കണ്ടെത്താൻ പറ്റിയില്ലായെങ്കിൽ പ്രൈവറ്റ് ആശുപത്രി സൗകര്യം ഉപയോഗപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കേണ്ടതിന്റെയും സ്ഥാപനത്തിന്റെ അഡ്മിനിസ്ട്രേറ്റീവ് മാനുവൽ പരിഷ്കരിക്കേണ്ടതിന്റേയും ആവശ്യകത ടി സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ മൂന്നാം എതിർകക്ഷി അടിയന്തിരമായി സ്വീകരിക്കേണ്ടതാണെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഫെബ്രുവരി 9 –ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത.
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION
THIRUVANANTHAPURAM